## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5096 — 15.11.2019- ൽ മറുപടിയ്ക്ക്

### കാസർകോട് ജില്ലയിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | കാസർകോട് ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര തസ്തിക കളാണുള്ളതെന്നും പ്രസ്തുത തസ്തികകളുള്ള ഓഫീസുകൾ ഏതൊക്കെയാണെന്നും വ്യക്ത മാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കൃഷി ഭവനുകളിൽ 41 തസ്തികകളും, കാഷ്യൂ ഓർച്ചാർഡ് ഗ്വാളിമുഖം, ചീമേനി തുറന്ന ജയിൽ എന്നീ ഓഫീസുകളിൽ ഓരോ തസ്തിക വീതവും ചേർത്ത് ആകെ 43 കൃഷി ഓഫീസർമാരുടെ തസ്തികകളാണുള്ളത്. പ്രസ്തുത തസ്തിക നിലവിലുള്ള കൃഷി ഭവനുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br>നീലേശ്വരം, കൈയൂർ - ചീമേനി, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ, തൃക്കരിപ്പൂർ, ഉദുമ, പള്ളിക്കര, അജനൂർ, പുല്ലൂർ - പെരിയ, മടിക്കൈ, കാഞ്ഞങ്ങാട് (എം), ബലാൽ, കോടംബെല്ലൂർ, പനത്തടി, കല്ലാൽ, കിനനൂർ - കരിന്തളം, വെസ്റ്റ് ഈളേരി, ഈസ്റ്റ് ഈളേരി, മധൂർ, മൊഗ്രാൽപുത്തൂർ, ചെങ്കള, കാസർഗോഡ് (എം), ചെംനാട്, കുമ്പള, ബെദിയഡുക്ക, മുളിയൂർ, കാറഡ്ക്ക, ദെലംപടി, ബെദഡുക്ക, കുട്ടിക്കോൽ, കുമ്പദജേ, ബെല്ലൂർ, വോർക്കടി, മഞ്ചേശ്വർ, മീഞ്ച, മംഗൾപടി, പൽവാലികെ, പുതിഗെ, എൻമകജെ. |
| (ബി) | പ്രസ്തുത തസ്തികകൾ എവിടെ | (ബി) | മംഗൾപടി, കുമ്പള കൃഷി ഭവനുകളിൽ കൃഷി |

| | | | |
|---|---|---|---|
| | യെല്ലാമാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും എത്ര കാലമായി ഒഴിവ് തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ; | | ഓഫീസർ തസ്തിക 07.09.2019 മുതൽ ഒഴിഞ്ഞുകിടക്കുന്നു. |
| (സി) | പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് ജനങ്ങൾക്കു അനുഭവിക്കേണ്ടി വന്നത് എന്നതിനെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കൃഷി ഓഫീസർമാർ ഇല്ലാത്തത് കൊണ്ട് അർഹമായ ആനുകൂല്യങ്ങൾ കർഷകർക്ക് കിട്ടാതെ പോയിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (സി) | കൃഷി ഓഫീസർ തസ്തിക ഒഴിവുള്ള കൃഷി ഭവനുകളിൽ തൊട്ടടുത്ത കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുള്ളതിനാൽ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതാണ്. |
| (ഡി) | തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് എന്തു കൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഭാവിയിൽ ഈ അവസ്ഥ ഇല്ലാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇപ്പോഴത്തെ ഒഴിവുകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ? | (ഡി) | കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കൃഷി ഭവനുകളിൽ ജോലി ചെയ്തിരുന്ന കൃഷി ഓഫീസർമാർക്ക് പ്രൊമോഷൻ / സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്നാണ് ഒഴിവുകൾ ഉണ്ടായത്. പുതിയ നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ